പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1322

10.08.2017-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി മേഖലയിലെ ജലപരിഷ്കരണനിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. ഉമ്മർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമകളാക്കി മാറ്റുന്നതിന് സമഗ്രമായ ജലപരിഷ്കരണനിയമം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ; | (എ)യും (ബി)യും (സി)യും | മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കായി മാത്രം പ രിമിതപ്പെടുത്തുന്നതിനായി "കേരള അക്വേറിയൻ റിഫോംസ് ബിൽ" എന്ന പേരിൽ ഒരു ബിൽ തയ്യാറാക്കി, മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത്, രാഷ്ട്രപതിയുടെ അനുമതിയ്ക്കായി അയച്ചുവെങ്കിലും അനുമതി നൽകാതെ തിരിച്ചയയ്ക്കുകയുണ്ടായി. ടി ബിൽ തിരിച്ചയച്ചുകൊണ്ടു രാഷ്ട്രപതി നടത്തിയ നിരീക്ഷണങ്ങൾകൂടി പഠിച്ച് പുതുക്കിയ ഒരു ബിൽ കൊണ്ട് വരുന്നതിന് ഉദ്ദേശിക്കുന്നു. പ രമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പു വരുത്തുന്നതിനുവേണ്ടി തീരക്കടലിലെ പ രമ്പരാഗത മേഖലയിലെ മത്സ്യബന്ധന അവകാശത്തിന്റെയും മത്സ്യബന്ധന ഉപകരണങ്ങളുടെ അവകാശത്തിന്റെയും പരിരക്ഷ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുമെന്ന് ഉറപ്പു വരുത്തുകയും ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുകയെന്നുമുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | എങ്കിൽ അതിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ; | | |
| (സി) | പ്രസ്തുത നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് കരട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ